# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(ബി.പി)920/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/09/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം ജില്ല
3. കാര്യാലയ പകർപ്പ്

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(ബി.പി)920/24 തീയ്യതി: 11/09/2024

## എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ്. നായർ | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്) | 12-06-2024 | 19-06-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-06-2024 | 19-06-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

2. ശ്രീമതി മരുണ മാത്യു, ഓഡിറ്റ ഓഫീസര
3. ശ്രീ.പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ശ്രീമതി ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5. ശ്രീ. അലി എ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബേസിൽ പോൾ | പ്രസിഡന്റ് | 01-04-2023 | 18-01-2024 |
| ശ്രീമതി അംബിക മുരളീധരൻ | പ്രസിഡന്റ് | 19-01-2024 | 30-01-2024 |
| ശ്രീ അജിത്കുമാർ എ റ്റി | പ്രസിഡന്റ് | 31-01-2024 | 31-03-2024 |
| ശ്രീമതി റഹീമ വി വി | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീമതി സതി കെ വി | സെക്രട്ടറി | 01-06-2023 | 03-07-2023 |
| ശ്രീമതി രാധാമണി ടി സി | സെക്രട്ടറി | 04-07-2023 | 28-11-2023 |
| ശ്രീ അരുൺകുമാർ കെ എ | സെക്രട്ടറി | 29-11-2023 | 25-03-2024 |
| ശ്രീ സജി പീറ്റർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-03-2024 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2023 | 31-05-2023 |
| ശ്രീമതി ബോബി ഈപ്പൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-06-2023 | 11-09-2023 |
| ശ്രീ നൗഫൽ അലി കെ എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 12-09-2023 | 31-03-2024 |
| ശ്രീമതി ഷിജി | അസിസ്റ്റന്റ് | 01-04-2023 | 03-07-2023 |

| | | | |
|---|---|---|---|
| ജോസ് | എഞ്ചിനിയർ | | |
| ശ്രീമതി അനു ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 04-07-2023 | 31-03-2024 |
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2023 | 30-06-2023 |
| ഡോ.വിക്ടർ ജോസഫ് കൊറയ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-07-2023 | 31-03-2024 |
| ശ്രീമതി റഫീന ബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ | 01-04-2023 | 31-03-2024 |
| ശ്രീ സുരേഷ്കുമാർ വി കെ | എസ് സി ഡി ഒ | 01-04-2023 | 26-04-2023 |
| ശ്രീ അഖിലേഷ് സി കെ | എസ് സി ഡി ഒ | 27-04-2023 | 31-03-2024 |
| ശ്രീമതി മോളി പി എൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2023 | 24-07-2023 |
| ശ്രീമതി സ്മിനി വർഗ്ഗീസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 25-07-2023 | 03-09-2023 |
| ശ്രീമതി സിബി വി ജി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 04-09-2023 | 31-03-2024 |
| ശ്രീ ജിബിൻ ജോയ് | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-4 |
| 6 | നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 16 | ഓഡിറ്റ് പരാമർശ പ്രകാരമുള്ള നഷ്ടത്തുക ഈടാക്കണം | 1-11 |
| 17 | വേങ്ങൂർ സി.എച്ച്.സി നവീകരണം-പൊളിച്ചു നീക്കിയ സാധനങ്ങളുടെ വിൽപ്പന നടപടികൾ പൂർത്തിയാക്കണം | 1-12 |
| 18 | രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി കോളനി സാംസ്കാരിക നിലയം നവീകരണം-അപാകതകൾ | 1-13 |
| 19 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-14 |
| 20 | പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 21 | എല്ലാ പ്രവൃത്തികളിലും നെയിം ബോർഡ് സ്ഥാപിക്കുന്നത് - ആവശ്യകതയും സർക്കാർ ഉത്തരവും ലഭ്യമല്ല. | 1-16 |
| 22 | കുടിവെള്ള പ്രോജക്ട് - അപാകത | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി. കോളനി സാംസ്കാരിക നിലയം നവീകരണം-അപാകതകൾ | 3-1 |
| 2 | കുടിവെള്ള പ്രോജക്ട് - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 16.05.2024 ലെ 2/1 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : ജോയിന്റ് ഡയറക്ടർ

1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട

അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹373456/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1883641/-ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700210 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം 1458903/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

### 1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-5 നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

### 1-2 ബജറ്റ്

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 03.03.23ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 7.02.24ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | ₹7051237.00 |
| വരവ് | ₹422063000.00 |
| ആകെ | ₹429114237.00 |
| ചെലവ് | ₹426429200.00 |
| നീക്കിയിരിപ്പ് | ₹2685037.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹6163569.00 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹59028557.00 |
| ആകെ | ₹65192126.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹58655101.00 |
| നീക്കിയിരിപ്പ് | ₹6537025.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട് മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരുപ്പ് (₹) | ചെലവഴി ക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27629000 | 27629000 | 21354159 | | 6274841 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12183000 | 12183000 | 7717900 | | 4465100 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 484000 | 484000 | 293834 | | 190166 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2173400 | 2173400 | 1333218 | | 840182 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 240780 | 4612124 (37124 Interest) 4575000 (Allotment) | 4852904 | 3433545 | 1419359 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 535545 | 3431500 | 3967045 | 3631636 | 335409 | 0 |
| NRHM 320100120 | 1761797 | 37842 | 1799639 | 1210006 | 589633 | 0 |
| ഐ എ വൈ 320100110 | 872430 | 239043 | 1111473 | 1073269 | 38204 | 0 |
| ടോട്ടൽ സാനിട്ടേഷൻ 320100115 | 1332869 | 39023 | 1371892 | 0 | 1371892 | 0 |
| CSR Fund 320500101 | 0 | 400000 | 400000 | 0 | 400000 | 0 |
| PYCKA 320100126 | 9000 | 0 | 9000 | 0 | 9000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 320300199 ഐ എ വൈ-ലോൺ | 10700 | 0 | 10700 | 0 | 10700 | 0 |
| കില 320100199 | 883693 | 25356 | 909049 | 10809 | 898240 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 82780508 | 97 | 40033799 | -- | 46 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2024 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന നടത്തിയ തീയതിയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.22 | 2016 To 2022 | 13.04.2022 |
| പെർഫോമൻസ് ഓഡിറ്റ് | 15.06.2023 മുതൽ 23.06.2023 വരെ | 01.04.2022 മുതൽ 31.03.2023 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 ഓഡിറ്റ് പരാമർശ പ്രകാരമുള്ള നഷ്ടത്തുക ഈടാക്കണം

ഫയൽ നം LSGD/BP/KPD/EKM/46/2024-D

കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പരാമർശത്തിലെ

നഷ്ടോത്തരവാദിയായിരുന്ന അന്നത്തെ സെക്രട്ടറി ശ്രീ. സി.എം ജോസഫ് പേരിൽ നിന്നും ₹1,40,749/- ഈടാക്കുവാൻ എൽ.എഫ്.9684/ സ്പെ.സെൽ/ സി.എസ്.സി./സി3/2010 തീയതി 21.12.2011 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ബഹു.ഹൈക്കോടതിയിൽ ടിയാൻ ഫയൽ ചെയ്ത WP(C) No.34265/2014 റിട്ട് ഹർജിയിലുള്ള 07.03.2024 ലെ ഉത്തരവിൽ നഷ്ടത്തുക ഈടാക്കുവാൻ ഉത്തരവായിരുന്നു. ഇതിനിടയിൽ ശ്രീ ജോസഫ് സി.എം. മരണപ്പെട്ടതിനാൽ അനന്തരാവകാശികളായ ഭാര്യ ശ്രീമതി മറിയാമ്മ ജോസഫ്, മക്കളായ രഞ്ജിത് ജോസഫ്, രഞ്ജിനി ജോസഫ്, രാജേഷ് ജോസഫ് എന്നിവരെ കൂടി കക്ഷികളാക്കിയാണ് കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്.

ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് തുക ഈടാക്കി വിവരം അറിയിക്കുവാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ.33/സ്പെ.സെൽ/സി.എസ്.സി./സി2/2024 തീയതി 12.04.2024 ലെ കത്ത് മുഖേന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതനുസരിച്ച് തുക അടവാക്കുവാനാവശ്യപ്പെട്ട് 4 പേർക്കും രജിസ്റ്റേഡ് തപാൽ അയച്ചെങ്കിലും ശ്രീമതി മറിയാമ്മ ജോസഫ്, രഞ്ജിനി ജോസഫ് എന്നിവർ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. തുക നാളിതുവരെയായിട്ടും ഈടാക്കിയിട്ടില്ല. തുക അടവാക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വേങ്ങൂർ സി.എച്ച്.സി നവീകരണം-പൊളിച്ചു നീക്കിയ സാധനങ്ങളുടെ വിൽപ്പന നടപടികൾ പൂർത്തിയാക്കണം

കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വേങ്ങൂർ സി.എച്ച്.സി നവീകരണത്തിന്റെ ഭാഗമായി ലഭ്യമായ ചുവടെ ചേർക്കുന്ന സാധനങ്ങളുടെ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി തീരുമാനമെടുത്തിരുന്നു (ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 30.01.2024 ലെ 1(2) നം തീരുമാനം).

| ഇനം | എണ്ണം |
|---|---|
| പഴയ ഗേറ്റ് | 1 |
| വാർക്ക കട്ടിള | 3 |
| ബാത് റൂം ഡോറുകൾ (പ്ലാസ്റ്റിക്) | 2 |
| മരവാതിലുകൾ | 7 |
| ജനൽ പാളികൾ | 9 |
| ജനൽ | 1 |

വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കി സാധനങ്ങൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/15.06.2024) സാധനങ്ങൾക്ക് ആകെ ₹5,645/- വില നിശ്ചയിച്ചുള്ള വാല്യുവേഷൻ റിപ്പോർട്ട് 10.06.2024 ൽ ലഭ്യമായിട്ടുണ്ടെന്നും, തുടർ നടപടികൾ സ്വീകരിക്കാൻ വേങ്ങൂർ സി.എച്ച്.സി. മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

ലേല/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് സാധനങ്ങളുടെ വിൽപ്പന നടത്തി, തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി കോളനി സാംസ്കാരിക നിലയം നവീകരണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.0167/24 - രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി. കോളനി സാംസ്കാരിക നിലയം നവീകരണം. |
| സാങ്കേതികാനുമതി നം./ തീയതി, തുക | 83133/23 Dated 03.10.2023, ₹ 5,00,000/- |

| | |
|---|---|
| കരാറുകാരന്റെ പേര്, തുക | ശ്രീ. അബ്ബാസ് വി.എം, ₹3,81,772/-+18% GST |
| കരാർ നം | 18/AE/LSGD/2023-24 തീയതി 20.12.2023 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ബിൽ നം/തീയതി, ചെലവഴിച്ച തുക | BRN No 2312076309170l389119/16.03.2024 ₹4,39,385/- |

രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി. കോളനി സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രോജക്റ്റാണിത്. മുൻവശത്തെ മുറ്റം റൂഫ് ചെയ്യുന്നതാണ് പ്രവൃത്തി. GI Steel Post, Steel Work For Truss, 200 Mm Square Pathy, Providing Aluminium Profile Sheet എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് ₹5,00,000/-യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടെണ്ടർ നടപടികളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (9.88% കുറവ്) അബ്ബാസ് വി.എം. എന്നയാളുമായി കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

അളവു പുസ്തകം പരിശോധിച്ചതിൽ ഇനം 3 അലൂമിനിയം ഷീറ്റ് റൂഫിംഗ് ഒഴിവാക്കി GI Sheet Roofing, ഇനം 1.5 പി.വി.സി പാത്തി ഒഴിവാക്കി മറ്റൊരു സ്പെസിഫിക്കേഷനിൽ റയിൻ വാട്ടർ ഗട്ടർ എന്നിവ സ്ഥാപിച്ചിരിക്കുന്നു.

ഇപ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/18.06.2024) എസ്റ്റിമേറ്റിലേതിനേക്കാൾ കൂടുതൽ വിസ്തൃതിയിൽ ഷീറ്റ് റൂഫിംഗ് ചെയ്യേണ്ടിവന്നുവെന്നും, അടങ്കൽ തുകയിൽ അധികരിക്കാതിരിക്കാനാണ് അലൂമിനിയം ഷീറ്റിനേക്കാൾ കുറഞ്ഞ നിരക്കുള്ള ജി.ഐ. ട്രഫോൾഡ് ഷീറ്റ് ഉപയോഗിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 16.01.2024 ലെ 2-ാം നമ്പർ തീരുമാനമനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി നടപ്പാക്കിയതെന്നും അറിയിച്ചു.

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമാണ് ഒറിജിനൽ എസ്റ്റിമേറ്റിലെ 158.4 ച.മീറ്ററിലും അധികരിച്ച് 195.89 ച.മീ. ഷീറ്റ് റൂഫിംഗ് ചെയ്യേണ്ടിവന്നത്. ഇക്കാരണത്താൽ അധികം ഈടുനിൽക്കാത്ത ജി.ഐ ഷീറ്റ് റൂഫിംഗ് ചെയ്യേണ്ടിവന്നു. അതുപോലെ റയിൻ വാട്ടർ ഗട്ടറും സ്പെസിഫിക്കേഷൻ മാറ്റി ചെയ്യേണ്ടിവന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ജി.ഐ. ഷീറ്റ് റൂഫിംഗ് നിരക്ക് ലഭ്യമാക്കിയ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരം ₹591.84/-ആണ്. ഇതിൽ നിന്നും ശരാശരി ടെണ്ടർ കുറവ് (9.88%) വരുത്തുമ്പോൾ ₹533.37 ആണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ₹571.34 എന്ന തെറ്റായ നിരക്കിലാണ് കരാറുകാരന് തുക അനുവദിച്ചത്. ഇതുമൂലം കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ ₹8,777/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മുറ്റം ഷീറ്റ് റൂഫിംഗ് ചെയ്തതോടെ ചെറിയ മീറ്റിംഗുകളൊക്കെ സംഘടിപ്പിക്കാനുതകുന്ന രീതിയിൽ ഗുണമുണ്ടായിട്ടുണ്ട്. എങ്കിലും, കെട്ടിടത്തിനോട് ചേർന്ന് ടോയ്‌ലെറ്റ് സൗകര്യമില്ലാത്തത് പോരായ്മയാണ്. ഇക്കാര്യത്തിലേക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

### 1-14 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം.,പേര് | S161/24, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം |
| അടങ്കൽ (ഫണ്ട്) | ₹10,00,000/- (വികസനഫണ്ട് -എസ് സി പി) |
| ചെലവ് | ₹846205/- |
| ബിൽ നമ്പർ/തീയതി, തുക | 56/26.07.2023, ₹146205/-<br>57/26.07.2023, ₹75000/-<br>64/08.08.2023, ₹75000/- |

| | |
|---|---|
| | 81/08.09.2023, ₹25000/-<br>124/07.11.2023, ₹75000/-<br>131/21.11.2023, ₹150000/-<br>183/21.12.2023, ₹75000/-<br>246/09.02.2024, ₹75000/-<br>271/24.02.2024, ₹75000/-<br>278/01.03.2024, ₹75000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | എസ് സി ഡി ഒ |

പഠനമുറി നിർമ്മാണത്തിന് ഈ പദ്ധതി പ്രകാരം തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല.

| ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ ആകെ തുക (₹) |
|---|---|
| അജിത്ത് പി സി,<br>S/O ചന്ദ്രൻ സി കെ, പൊട്ടയ്ക്കമറ്റം, ഉരുത്തി | 125000/- |
| ശ്രേത പി ബി,<br>D/O ഷീല ഭാസി, പീച്ചനാട്ട്, വായ്ക്കര | 125000/- |

പട്ടികയിൽ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 15.06.2024 ൽ നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | കൈമാറിയ തുക/ബിൽ നം./ തീയതി | തുക അടവാക്കിയ തദ്ദേശസ്ഥാപനം |
|---|---|---|---|
| 1 | നെറ്റ് സീറോ കാർബൺ കേരള- അശമന്നൂർ, രായമംഗലം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ( S0025/24) | ₹100,000/-<br>220/11.01.2024 | അശമന്നൂർ ഗ്രാമപഞ്ചായത്ത് |
| 2 | ഐ കെ എം വിഹിതം നൽകൽ (S0003/24) | ₹51734/-<br>59/03.08.2023 | ഇൻഫർമേഷൻ കേരള മിഷൻ |
| | ആകെ | ₹151734/- | |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-6 തീയതി 18-06-2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഐ കെ എം ൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണന്നും നെറ്റ് സീറോ കാർബൺ കേരള – അശമന്നൂർ രായമംഗലം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ പദ്ധതി പ്രകാരം നല്കിയ തുക അനർട്ടിന് കൈമാറിയിട്ടുള്ളതാണന്നും പദ്ധതി നിർവ്വഹണം നടന്നു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗരേഖകളുടെ അഭാവത്തിൽ ₹ 151734/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 എല്ലാ പ്രവൃത്തികളിലും നെയിം ബോർഡ് സ്ഥാപിക്കുന്നത് - ആവശ്യകതയും സർക്കാർ ഉത്തരവും ലഭ്യമല്ല.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 20-9-2022 ലെ ഉത്തരവ് EE/General/22(A) ഉത്തരവിൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നെയിം ബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്താവുന്നതാണ് എന്ന്

അറിയിച്ചിട്ടുണ്ട്. ഈ ഡാറ്റ പ്രകാരം നെയിം ബോർഡ് സ്ഥാപിക്കുന്ന നിരക്ക് 3,484.50/- രൂപയാണ്. ഡാറ്റ പ്രകാരമുള്ള നിരക്കാണ് എല്ലാ പ്രവൃത്തികൾക്കും നൽകിയിട്ടുള്ളത്. ഓരോ റോഡിന്റേയും കുറച്ച് ഭാഗം മാത്രമാണ് ഭൂരിപക്ഷം പ്രവൃത്തികളിലും മെയിന്റനൻസ് ചെയ്യുന്നത്. ആയതിനാൽ ഓരോ റോഡുകളിലും ഒന്നിൽ കൂടുതൽ നെയിം ബോർഡ് സ്ഥാപിക്കുന്ന സ്ഥിതിയാണ് വരുന്നത്. ആയതിനാൽ ഇതിന്റെ ആവശ്യകത വ്യക്തമല്ല. കൂടാതെ കുറച്ച് ഭാഗം മാത്രം സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയിലും നെയിം ബോർഡ് സ്ഥാപിക്കുന്നതിന്റെ ആവശ്യകത വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 തീയതി 14-6-24 – നുള്ള മറുപടി സർക്കാർ നിർദ്ദേശിച്ച പ്രകാരമാണ് നെയിം ബോർഡ് സ്ഥാപിക്കുന്നത് എന്നാണ് (നെയിം ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഒന്നും ലഭ്യമാക്കിയിട്ടില്ല). ഒരേ പ്രവൃത്തിയിൽ ഒന്നിൽ കൂടുതൽ നെയിം ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

## 1-17 കുടിവെള്ള പ്രോജക്ട് - അപാകത

| | |
|---|---|
| പ്രോജക്ട് നം | Soo143/24 |
| പ്രവൃത്തി | മേക്കപ്പാല വാർഡ് 5 കുടിവെള്ളപദ്ധതി തുടർച്ച ക്രാരിയേലി ഡിവിഷൻ |
| കരാറുകാരൻ | എൽദോ ഏലിയാസ് |
| എഗ്രിമെന്റ് | 42/AE/Lsgd/22-23 Dtd 17-2-23 |
| എസ്റ്റിമേറ്റ് | 5,25,000/- |
| ആകെ പ്രവൃത്തി | Bill No. 313, 25/3/23 ₹4,52,400/- &<br>Bill No. 49, 22/7/23 ₹60,004/- |

ഈ കുടിവെള്ള പദ്ധതിക്കായി പൈപ്പ് നീട്ടുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ഇടുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സീരിയൽ നം | ഇനം | അളവ് | നിരക്ക് | ആകെ തുക(₹) |
|---|---|---|---|---|
| 1 | 75mm 6kgf/Cm$^2$ Pvc പൈപ്പ് | 260m | 360.37/M | 93,696.00 |
| 2 | 65mm GI Pipe | 100m | 842.81/M | 84,281.00 |
| 3 | 63mm 6kgf/Cm$^2$ Pvc പൈപ്പ് | 200m | 346.96/M | 69,392.00 |
| 4 | 50mm 10kgf/Cm$^2$ Pvc പൈപ്പ് | 350m | 283.81/M | 99,333.50 |
| 5 | 25mm 10 Kgf/Cm$^2$ Pvc പൈപ്പ് | 200m | 216.03/M | 43,206.00 |
| 6 | ഇലക്ട്രിഫിക്കേഷൻ | | | 50,000.00 |

മറ്റ് ഇനങ്ങൾ ഉൾപ്പടെ ആകെ എസ്റ്റിമേറ്റ് തുക ₹5,25,000/-

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം പൈപ്പ് ഇട്ടതിന്റെ വിശദാംശങ്ങൾ

| സിരിയൽ നം | ഇനം | അളവ് | നിരക്ക് | ആകെ തുക(₹) |
|---|---|---|---|---|
| 1 | 75mm 6kgf/Cm$^2$ Pvc പൈപ്പ് | 325m | 389.20/M | 1,26,490.00 |
| | | 151.5m | 376.61/M | 57,056.42 |
| | ആകെ | 476.5m | | 1,83,546.00 |
| 2 | 65mm GI Pipe | 40m | 910.23/M | 36,409.00 |

| | | | | |
|---|---|---|---|---|
| 3 | 63mm 6kgf/$Cm^2$ Pvc പൈപ്പ് | 250m | 374.72/M | 69,392.00 |
| | | 320m | 363.2/*M* | 1,16,224.00 |
| | Sub Total | 570m | | 2,09.904.00 |
| 4 | 50mm 10 Kgf/$Cm^2$ Pvc പൈപ്പ് | Nil | 283.81/M | Nil |
| 5 | 25mm 10 Kgf/$Cm^2$ Pvc പൈപ്പ് | Nil | 216.03/M | -- |
| 6 | ഇലക്ട്രിഫിക്കേഷൻ | | | 50,000.00 |

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ പ്രൊജക്ടിൽ ഉൾപ്പെട്ട ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഒന്നും ഇതു വരെ ചെയ്തിട്ടില്ല.

2. എസ്റ്റിമേറ്റ് പ്രകാരം അംഗീകാരം വാങ്ങിയ അളവിലുള്ള പൈപ്പുകൾ ഈ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടില്ല. വലിപ്പം കുറഞ്ഞ പൈപ്പുകൾ എല്ലാം ഒഴിവാക്കി വലിയ പൈപ്പുകൾ ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ ആവശ്യകത വ്യക്തമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ പൈപ്പിന്റെ കൃത്യത അറിയാവുന്നതാണ് എന്നിരിക്കെ ഇതിൽ മാറ്റം വരുത്തേണ്ടതില്ല. ഇവിടെ 50mm, 25mm പൈപ്പുകൾ എല്ലാം ഒഴിവാക്കിയിരിക്കുന്നു.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട് എങ്കിലും എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ ചെറിയ പൈപ്പുകൾ എല്ലാം ഒഴിവാക്കി വലിയ പൈപ്പുകൾ ഇട്ടതിന്റെ ആവശ്യകത വ്യക്തമല്ല.

3. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.54/2019/ഫിൻ തീയതി 04.05.2019 പ്രകാരം എസ്റ്റിമേറ്റിലെ അളവിനേക്കാൾ 25% കൂടുതൽ വരെയുള്ള അളവിന് എഗ്രിമെന്റ് നിരക്ക് നൽകാവുന്നതാണ്. അതിൽ കൂടുതൽ ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള നിരക്കാണ് നൽകേണ്ടത്. ഈ പ്രവൃത്തിയിൽ 75mm 6kgf/$Cm^2$ Pvc പൈപ്പ് 25% - ത്തിനേക്കാൾ അധികം ഇട്ടതിന് 151.50m X 376.61/M = 57,056.42/- രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് 360.37/M മാത്രമാണ്. അധികമായി 2,460/-രൂപ നൽകിയിട്ടുണ്ട്. 63mm 6kgf/$Cm^2$ Pvc പൈപ്പ് 25% - ത്തിനേക്കാൾ അധികം ഉപയോഗിച്ചതിന് 320m X 363.2/*M = 1,16,224/-* രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് 346.96/M മാത്രമാണ്. ഈ ഇനത്തിൽ 5197/-രൂപ അധികം നൽകിയിട്ടുണ്ട്. ആകെ അധികം നൽകിയ തുക 7657/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

5. പൈപ്പ് ഇടുന്ന സ്ഥലം ഏതാണ് എന്നോ അതായത് ഏത് റോഡിൽ അഥവാ ആരുടെ സ്ഥലത്താണ് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല. ആയതിനാൽ ഈ പ്രവൃത്തി പ്രകാരം പൈപ്പിട്ട സ്ഥലങ്ങൾ എവിടെയാണ് എന്ന് ഫയൽ പ്രകാരവും എം.ബുക്ക് പ്രകാരവും അറിയാൻ സാധ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.2 തീയതി 14-6-2024 – നുള്ള മറുപടി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ വേറെ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ്. എന്നാൽ ഇത് നടപ്പിലാക്കിയോ എന്ന് വ്യക്തമല്ല. അസി. എൻജിനിയർ, അസി. എക്സിക്യൂട്ടീവ് എൻജിനിയർ എന്നിവരുടെ നിർദ്ദേശ പ്രകാരമാണ് 50mm, 25mm പൈപ്പുകൾ എല്ലാം ഒഴിവാക്കി വലിയ പൈപ്പുകൾ ഇട്ടത് എന്ന മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ആവശ്യകത വ്യക്തമല്ല. എസ്റ്റിമേറ്റിലെ അളവിനേക്കാൾ 25% കൂടുതൽ വരെയുള്ള അളവിന് എഗ്രിമെന്റ് നിരക്കും അതിൽ കൂടുതൽ ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കുമാണ് നൽകേണ്ടത് എന്ന പരാമർശത്തിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി. കോളനി സാംസ്കാരിക നിലയം നവീകരണം-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ്.0167/24 - രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി കോളനി സാംസ്കാരിക നിലയം നവീകരണം. |
| സാങ്കേതികാനുമതി | 83133/23 Dated 03.10.2023, ₹ 5,00,000/- |
| കരാറുകാരന്റെ പേര്, തുക | ശ്രീ. അബ്ബാസ് വി.എം, ₹3,81,772/-+18% GST |
| കരാർ നം | 18/AE/LSGD/2023-24 തീയതി 20.12.2023 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ബിൽ നം/ തീയതി ചെലവഴിച്ച തുക | BRN No 2312076309170138911 9/16.03.2024 ₹4,39,385/- |

രായമംഗലം ഗ്രാമ പഞ്ചായത്തിലെ പീച്ചനാംമുകൾ എസ്.സി. കോളനി സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രോജക്റ്റാണിത്. മുൻവശത്തെ മുറ്റം റൂഫ് ചെയ്യുന്നതാണ് പ്രവൃത്തി . GI Steel Post, Steel Work For Truss, 200mm Square Pathy, Providing Aluminium Profile Sheet എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് ₹5,00,000/-/യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടെണ്ടർ നടപടികളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (9.88% കുറവ്) അബ്ബാസ് വി.എം. എന്നയാളുമായി കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

അളവു പുസ്തകം പരിശോധിച്ചതിൽ ഇനം 3 അലൂമിനിയം ഷീറ്റ് റൂഫിംഗ് ഒഴിവാക്കി GI Sheet Roofing, ഇനം 1.5 പി.വി.സി പാത്തി ഒഴിവാക്കി മറ്റൊരു സ്പെസിഫിക്കേഷനിൽ റയിൻ വാട്ടർ ഗട്ടർ എന്നിവ സ്ഥാപിച്ചിരിക്കുന്നു.

ഇപ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/18.06.2024) എസ്റ്റിമേറ്റിലേതിനേക്കാൾ കൂടുതൽ വിസ്തൃതിയിൽ ഷീറ്റ് റൂഫിംഗ് ചെയ്യേണ്ടി വന്നതിനാൽ അടങ്കൽ തുകയിൽ അധികരിക്കാതിരിക്കാനാണ് അലൂമിനിയം ഷീറ്റിനേക്കാൾ കുറഞ്ഞ നിരക്കുള്ള ജി.ഐ ട്രഫോൾഡ് ഷീറ്റ് ഉപയോഗിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 16.01.2024 ലെ 2-ാം നമ്പർ തീരുമാനമനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി നടപ്പാക്കിയതെന്നും അറിയിച്ചു.

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമാണ് ഒറിജിനൽ എസ്റ്റിമേറ്റിലെ 158.4 ച.മീറ്ററിലും അധികരിച്ച് 195.89 ച.മീ. ഷീറ്റ് റൂഫിംഗ് ചെയ്യേണ്ടിവന്നത്. ഇക്കാരണത്താൽ അധികം ഈടുനിൽക്കാത്ത ജി.ഐ ഷീറ്റ് റൂഫിംഗ് ചെയ്യേണ്ടിവന്നു. അതുപോലെ റയിൻ വാട്ടർ ഗട്ടറും സ്പെസിഫിക്കേഷൻ മാറ്റി ചെയ്യേണ്ടി വന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ലഭ്യമാക്കിയ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരം ജി.ഐ.ഷീറ്റ് റൂഫിംഗിന് അനുവദിക്കാവുന്ന നിരക്ക് ₹591.84/-ആണ്. ഇതിൽ നിന്നും ശരാശരി ടെണ്ടർ കുറവ് (9.88%) വരുത്തുമ്പോൾ ₹533.37 ആണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ₹571.34 എന്ന തെറ്റായ നിരക്കിലാണ് കരാറുകാരന് തുക അനുവദിച്ചത്. ഇതുമൂലം കരാറുകാരന് താഴെ പറയും പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ₹8,777/- അധികം നൽകിയിട്ടുണ്ട്.

| അനുവദിച്ച തുക (₹) | അനുവദിക്കാവുന്ന തുക (₹) | അധികം (₹) |
|---|---|---|
| 195.89 X 571.34 = 111920/- | 195.89 X 533.37 = 104482/- | 7438/-+18 % GST= ₹8,777/- |

അധികം നൽകിയ ₹8,777/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 കുടിവെള്ള പ്രോജക്ട് - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | Soo143/24 |
| പ്രവൃത്തി | മേക്കപ്പാല വാർഡ് 5 കുടിവെള്ളപദ്ധതി തുടർച്ച ക്രാരിയേലി ഡിവിഷൻ |
| കരാറുകാരൻ | എൽദോ ഏലിയാസ് |
| എഗ്രിമെന്റ് | 42/AE/Lsgd/22-23 Dtd 17-2-23 |
| എസ്റ്റിമേറ്റ് | 5,25,000/- |
| ആകെ പ്രവൃത്തി | Bill No. 313, 25/3/23 ₹4,52,400/- &<br>Bill No. 49, 22/7/23 ₹60,004/- |

ഈ കുടിവെള്ള പദ്ധതിക്കായി പൈപ്പ് നീട്ടുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ഇടുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സീരിയൽ നം | ഇനം | അളവ് | നിരക്ക് | ആകെ തുക(₹) |
|---|---|---|---|---|
| 1 | 75mm 6kgf/Cm$^2$ Pvc പൈപ്പ് | 260m | 360.37/M | 93,696.00 |
| 2 | 65mm GI Pipe | 100m | 842.81/M | 84,281.00 |
| 3 | 63mm 6kgf/Cm$^2$ Pvc പൈപ്പ് | 200m | 346.96/M | 69,392.00 |
| 4 | 50mm 10kgf/Cm$^2$ Pvc പൈപ്പ് | 350m | 283.81/M | 99,333.50 |
| 5 | 25mm 10 Kgf/Cm$^2$ Pvc പൈപ്പ് | 200m | 216.03/M | 43,206.00 |
| 6 | ഇലക്ട്രിഫിക്കേഷൻ | | | 50,000.00 |

മറ്റ് ഇനങ്ങൾ ഉൾപ്പടെ ആകെ എസ്റ്റ്മേറ്റ് തുക ₹5,25,000/-

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം പൈപ്പ് ഇട്ടതിന്റെ വിശദാംശങ്ങൾ

| സീരിയൽ നം | ഇനം | അളവ് | നിരക്ക് | ആകെ തുക(₹) |
|---|---|---|---|---|
| 1 | 75mm 6kgf/Cm$^2$ Pvc പൈപ്പ് | 325 M | 389.20/M | 1,26,490.00 |
| | | 151.5m | 376.61/M | 57,056.42 |
| | ആകെ | 476.5m | | 1,83,546.00 |
| 2 | 65mm GI Pipe | 40 M | 910.23/M | 36,409.00 |
| 3 | 63mm 6kgf/Cm$^2$ Pvc | 250 M | 374.72/M | 69,392.00 |

| | | | | |
|---|---|---|---|---|
| | പൈപ്പ് | 320m | 363.2*m* | 1,16,224.00 |
| | Sub Total | 570m | | 2,09.904.00 |
| 4 | 50mm 10 Kgf/Cm$^2$ Pvc പൈപ്പ് | Nil | 283.81/ M | Nil |
| 5 | 25mm 10 Kgf/Cm$^2$ Pvc പൈപ്പ് | Nil | 216.03/ M | -- |
| 6 | ഇലക്ട്രിഫിക്കേഷൻ | | | 50,000.00 |

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ പ്രൊജക്ടിൽ ഉൾപ്പെട്ട ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഒന്നും ഇതു വരെ ചെയ്തിട്ടില്ല.

2. എസ്റ്റിമേറ്റ് പ്രകാരം അംഗീകാരം വാങ്ങിയ അളവില്ലുള്ള പൈപ്പുകൾ ഈ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടില്ല. വലിപ്പം കുറഞ്ഞ പൈപ്പുകൾ എല്ലാം ഒഴിവാക്കി വലിയ പൈപ്പുകൾ ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ ആവശ്യകത വ്യക്തമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ പൈപ്പിന്റെ കൃത്യത അറിയാവുന്നതാണ് എന്നിരിക്കെ ഇതിൽ മാറ്റം വരുത്തേണ്ടതില്ല. ഇവിടെ 50mm, 25mm പൈപ്പുകൾ എല്ലാം ഒഴിവാക്കിയിരിക്കുന്നു.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട് എങ്കിലും എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ ചെറിയ പൈപ്പുകൾ എല്ലാം ഒഴിവാക്കി വലിയ പൈപ്പുകൾ ഇട്ടതിന്റെ ആവശ്യകത വ്യക്തമല്ല.

3. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.54/2019/ഫിൻ തീയതി 04.05.2019 പ്രകാരം എസ്റ്റിമേറ്റിലെ അളവിനേക്കാൾ 25% കൂടുതൽ വരെയുള്ള അളവിന് എഗ്രിമെന്റ് നിരക്ക് നൽകാവുന്നതാണ്. അതിൽ കൂടുതൽ ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള നിരക്കാണ് നൽകേണ്ടത്. ഈ പ്രവൃത്തിയിൽ 75mm 6kgf/Cm$^2$ Pvc പൈപ്പ് 25% - ത്തിനേക്കാൾ അധികം ഇട്ടതിന് 151.50m X 376.61/M = 57,056.42/- രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് 360.37/M മാത്രമാണ്. അധികമായി 2,460/-രൂപ നൽകിയിട്ടുണ്ട്. 63mm 6kgf/Cm$^2$ Pvc പൈപ്പ് 25% - ത്തിനേക്കാൾ അധികം ഉപയോഗിച്ചതിന് 320m X 363.2/*M = 1,16,224/-* രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് 346.96/M മാത്രമാണ്. ഈ ഇനത്തിൽ 5197/-രൂപ അധികം നൽകിയിട്ടുണ്ട്. ആകെ അധികം നൽകിയ തുക 7657/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

5. പൈപ്പ് ഇടുന്ന സ്ഥലം ഏതാണ് എന്നോ അതായത് ഏത് റോഡിൽ അഥവാ ആരുടെ സ്ഥലത്താണ് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല. ആയതിനാൽ ഈ പ്രവൃത്തി പ്രകാരം പൈപ്പിട്ട സ്ഥലങ്ങൾ എവിടെയാണ് എന്ന് ഫയൽ പ്രകാരവും എം.ബുക്ക് പ്രകാരവും അറിയാൻ സാധ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.2 തീയതി 14-6-2024 – നുള്ള മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ വേറെ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ്. എന്നാൽ ഇത് നടപ്പിലാക്കിയോ എന്ന് വ്യക്തമല്ല. അസി. എൻജിനിയർ, അസി. എക്സിക്യൂട്ടീവ് എൻജിനിയർ എന്നിവരുടെ നിർദ്ദേശ പ്രകാരമാണ് 50mm, 25mm പൈപ്പുകൾ എല്ലാം ഒഴിവാക്കി വലിയ പൈപ്പുകൾ ഇട്ടത് എന്ന മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ആവശ്യകത വ്യക്തമല്ല. എസ്റ്റിമേറ്റിലെ അളവിനേക്കാൾ 25% കൂടുതൽ വരെയുള്ള അളവിന് എഗ്രിമെന്റ് നിരക്കും അതിൽ കൂടുതൽ ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കുമാണ് നൽകേണ്ടത് എന്ന പരാമർശത്തിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് (നം) | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|
| വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 45000/- | പി എം എ വൈ ജി ഭവന നിർമ്മാണം (എസ് സി പി) (05/24) | 45000/- | 0 |
| ജില്ലാ പഞ്ചായത്ത് | 118000/- | പി എം എ വൈ ജി ഭവന നിർമ്മാണം (ടി എസ് പി) (18/24) | 118000/- | 0 |
| ജില്ലാ പഞ്ചായത്ത് | 63000/- | പി എം എ വൈ ജി ഭവന നിർമ്മാണം (എസ് സി പി) (05/24) | 63000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

തൻവർഷം നിക്ഷേപപ്രവൃത്തികൾക്കായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക (₹) | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(A) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ | തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | തുക നല്കി | |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(B) പേജ് 41 | 29,000 | കുവപ്പടി മേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി – പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(C) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |
| 2007-08 | 2007-08 | | | അങ്കണവാടിക്ക് ഉപകരണങ്ങൾ | തീർപ്പാക്കിയിട്ടില്ല |
| 2008-09 | 2008-09 | | | വനിതാ കർഷക സംഘങ്ങൾക്ക് കൊയ്ത്തുമെതി യന്ത്രം | തീർപ്പാക്കിയിട്ടില്ല |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | ₹59028557/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹58655101/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹16434/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹151734/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8777 | ശ്രീമതി.അന്ന ബേബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 7657 | ശ്രീമതി.അന്ന ബേബി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 51734/- | ശ്രീമതി രാധാമണി ടി.സി. സെക്രട്ടറി |

| | | |
|---|---|---|
| | 100000/- | ശ്രീ. അരുൺകുമാർ കെ.എ. സെക്രട്ടറി |
| ആകെ | 151734/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അന്ന ബേബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് | ചിരപ്പുറത്ത് ഹൗസ്, വളയൻചിറങ്ങര-683556 |
| ശ്രീമതി രാധാമണി ടി.സി. സെക്രട്ടറി | വിമൻ എംപവർമെന്റ് ഓഫീസർ, കൊച്ചി നഗരസഭ | പീച്ചനാത്ത് ഹൗസ്, കാഞ്ഞൂർ പി.ഒ. എറണാകുളം-683575 |
| ശ്രീ. അരുൺകുമാർ കെ.എ. സെക്രട്ടറി | സെക്രട്ടറി പീരുമേട് ഗ്രാമപഞ്ചായത്ത് | കരിയംപാടത്ത് ഹൗസ്, പിണർമുണ്ട, പെരിങ്ങറ പി.ഒ. 683565 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം. (ബി.പി.) 1439/2019/ 05.08.2019 |
| 2008-09 | |
| 2013-14 & 2014-15 | |
| 2015-16 | |

| | |
|---|---|
| 2016-17 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.) 682/2022/ 02.06.2022 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.) 115/2022/ 02.06.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)939/2020 / 03.01.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)958/2022 / 07.07.2022 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)296/2023 / 11.04.2023 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)1007/2023 / 26.08.2023 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 16-05-2024 and submitted on 20-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Koovappady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Koovappady Block Panchayat as on 31-03-2024

Date: 11/09/2024

Joint Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Koovappady Block Panchayat for the Year 2023-2024 .**

**1.Major Observations**

1.Non inclusion of Notes to accounts in Financial statements and non disclosure of material facts.

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2.The supporting details regarding balance in district panchayat share for joint venture projects (1458903) is not provided with the AFS.
3.Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items
4.Demand Registers of Non tax revenue items are not periodically reconciled with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്